प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

ഒക്ടോബർ 9, 2018

**കർണ്ണാടക ബംഗലൂരുവിലെ സർ എം വിശ്വേശ്വരയ്യാ സഹകരണ ബാങ്ക് ലിമിറ്റഡിനുമേൽ ആർ.ബി.ഐ.പിഴചുമത്തി**

1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ (സഹകരണ സംഘങ്ങൾക്ക് ബാധകമാവിധം) സെക്ഷൻ 47 A (1)(c) ഒപ്പം സെക്ഷൻ 46(4) എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിക്ഷിപ്തമായ അധികാരം പ്രയോഗിച്ച് ബംഗലൂരുവിലെ സർ എം വിശ്വേശരയ്യാ സഹകരണ ബാങ്ക് ലിമിറ്റഡിനുമേൽ 5.00 ലക്ഷം രൂപയുടെ (രൂപ അഞ്ചുലക്ഷം മാത്രം) പണപ്പിഴചുമത്തി. 2011 ഒക്ടോബർ 31-ലെ ആർ.ബി.ഐ. സർക്കുലർ UBD.BPD.(PCB) Cir No.7/09.22.010/2011-12 ലെ ഖണ്ഡിക 2 ലെ നിർദ്ദേശങ്ങൾ ലംഘിച്ച് ഒരു ഗുണഭോക്താവിന് 70 ലക്ഷം രൂപയിൽ കവിഞ്ഞ തുക ഭവനവായ്പയായി നൽകിയതിനും, 2013 ആഗസ്റ്റ് 30-ലെ ആർ.ബി.ഐ. സർക്കുലർ UBD.BPD.(PCB) Cir No.7/09.72.000/2013-14 ലെ നിർദ്ദേശങ്ങൾ ലംഘിച്ച്, സഹകരണ ബാങ്കിൻറെ ഒരു ഡയറക്ടർ ഭരണാധികാരിയായിട്ടുള്ള ട്രസ്റ്റിന് സംഭാവന നൽകിയ തിനുമാണ് പിഴ ചുമത്തിയത്.

ബാങ്കിന്, റിസർവ്ബാങ്ക് ഓഫ് ഇന്ത്യ ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകിയതിന് ബാങ്ക് രേഖാമൂലമുള്ള ഒരു മറുപടി സമർപ്പിച്ചു. കേസിൻറെ വസ്തുത കൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പരിഗണിച്ചതിൽ, ലംഘനങ്ങൾ സാരവത്താ ണെന്നും പിഴചുമത്തേണ്ടത് ആവശ്യമാണെന്നു മുള്ള നിഗമന ത്തിൽ എത്തുകയാ യിരുന്നു.

അജിത് പ്രസാദ്പ്രസ്സ്
റിലീസ് 2018-2019/824 അസിസ്റ്റൻറു അഡ്വൈസർ